LAC-64/2015

O/o സ്പെഷ്യൽ തഹസിൽദാർ (എൽ.എ) നം.1,
കൊച്ചി മെട്രോ റെയിൽ പ്രോജക്ട്,
സിവിൽ സ്റ്റേഷൻ, കാക്കനാട്,
തീയതി.23.05.2017

പ്രേഷിതൻ

സ്പെഷ്യൽ തഹസിൽദാർ (എൽ എ) നം.1,
കൊച്ചി മെട്രോ റെയിൽ പ്രോജക്ട്,
സിവിൽ സ്റ്റേഷൻ, കാക്കനാട്

സ്വീകർത്താവ്

ജില്ലാ ഇൻഫർമേഷൻ ഓഫീസർ
എൻ.ഐ.സി, കാക്കനാട്

സർ,

വിഷയം – കൊച്ചി മെട്രോ റെയിൽ പ്രോജക്ട് – സൗത്ത് സ്റ്റേഷൻ/കോറിഡോർ നിർമ്മാണം - ഗസറ്റ് നോട്ടിഫിക്കേഷൻ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത് – സംബന്ധിച്ച്.

സൂചന – 21.04.17 ലെ അസാധാരണ കേരള ഗസറ്റ്

*********************

കൊച്ചി മെട്രോ റെയിൽ പ്രോജക്ട് സൗത്ത് സ്റ്റേഷൻ/കോറിഡോർ നിർമ്മാണം സംബന്ധിച്ച് 11(1) നോട്ടിഫിക്കേഷൻ സൂചന പ്രകാരം ഗസറ്റ് വിജ്ഞാപനം ചെയ്തിട്ടുണ്ട്. ടി വിജ്ഞാപനം എറണാകുളം ജില്ലാ കളക്ടറുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

സ്പെഷ്യൽ തഹസിൽദാർ (എൽ എ) നം.1
കൊച്ചി മെട്രോ റെയിൽ പ്രോജക്ട്

©
കേരള സർക്കാർ
Government of Kerala
2017

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 6<br>Vol. VI | തിരുവനന്തപുരം, വെള്ളി<br>Thiruvananthapuram, Friday | 2017 ഏപ്രിൽ 21<br>21st April 2017<br>1192 മേടം 8<br>8th Medam 1192<br>1939 വൈശാഖം 1<br>1st Vaisakha 1939 | നമ്പർ<br>No. 781 |

ഫോറം നമ്പർ 7

[ചട്ടം 18(1) കാണുക]

### വിജ്ഞാപനം

നമ്പർ എൽ. എ. സി. 64/15. *2017 ഏപ്രിൽ 3.*

കേരള സർക്കാർ 9-12-2015-ാം തീയതിയിലെ സ. ഉ. (സാധാരണ) നമ്പർ 649/2015/റവ. വിജ്ഞാപനപ്രകാരം 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (കേന്ദ്ര ആക്ട് 30/2013) പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കുവാൻ കാക്കനാട്, കൊച്ചി മെട്രോ നമ്പർ-1 സ്പെഷ്യൽ തഹസിൽദാരെ നിയമിച്ചിരുന്നതിനാലും;

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2017.
33/1371/2017/S-19.

കൊച്ചി മെട്രോ പൊന്നുംവില നടപടിയുടെ പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ ആയി കൊച്ചി മെട്രോ (എൽ. എ.) ഡെപ്യൂട്ടി കളക്ടറെ കേരള സർക്കാർ നിയമിച്ചിരിക്കുന്നതിനാലും ;

ഇതോടൊപ്പമുള്ള പട്ടികയിൽ വിവരിച്ചിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന്, അതായത്, കൊച്ചി മെട്രോ റെയിൽ പ്രോജക്ടിന്റെ സൗത്ത് സ്റ്റേഷൻ/കോറിഡോറിനുവേണ്ടി ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കുമെന്നോ ജില്ലാ കളക്ടർക്ക് ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാലും;

ഇപ്പോൾ, തന്മൂലം, അതുമായി ബന്ധപ്പെട്ട എല്ലാപേർക്കും 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് 11-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി ഇക്കാര്യത്തിലുള്ള അറിയിപ്പ് ഇതിനാൽ നൽകുകയും ചെയ്യുന്നു.

പൊന്നുംവിലയ്ക്കെടുക്കാൻ തീരുമാനിച്ചിട്ടുള്ള സ്ഥലങ്ങളുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ടിട്ടുള്ള കക്ഷികൾ അവരുടെ ഭൂരേഖകൾ നാളതീകരിക്കുന്നത് സംബന്ധിച്ചും സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചും ആക്ഷേപമുണ്ടെങ്കിൽ ആയത് മേൽവിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ തീയതിയോ, ഇതു സംബന്ധിച്ച പൊതു നോട്ടീസിന്റെ തീയതിയോ ഏതാണോ അവസാനം വരുന്നത് ആ തീയതി മുതൽ 15 ദിവസത്തിനകം രേഖാമൂലമുള്ള പ്രസ്താവന പൊന്നുംവില ആഫീസറായ സ്പെഷ്യൽ തഹസിൽദാർ (എൽ. എ.), നമ്പർ-1 കൊച്ചി മെട്രോ, കാക്കനാട് മുമ്പാകെ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാത്ത ആക്ഷേപങ്ങളും സ്ഥലത്തിലുള്ള താൽപര്യം സംശയലേശമന്യേ വിശദീകരിക്കാത്തതുമായ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്.

ടി സ്ഥലം 8-6-2015-ാം തീയതി ഏറ്റെടുത്ത് അർത്ഥനാധികാരിക്ക് കൈമാറി പണി ആരംഭിച്ചിരിക്കുന്ന സാഹചര്യത്തിൽ, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തിയിട്ടില്ലാത്തതാണ്. 17-2-2017-ലെ ബഹു. ഹൈക്കോടതിയുടെ WP(C) 10839/14-ാം നമ്പർ ഉത്തരവ് പ്രകാരം പ്രസിദ്ധപ്പെടുത്തുന്നു.

## പട്ടിക

ജില്ല—എറണാകുളം.

താലൂക്ക്—കണയന്നൂർ. | വില്ലേജ്—എറണാകുളം.

(ഏകദേശ വിസ്തീർണ്ണമാണ് ചേർത്തിരിക്കുന്നത്.)

| ക്രമ നമ്പർ | സർവ്വേ നമ്പർ | വിവരണം | വിസ്തീർണം (ഹെ. ആർ. ച. മീ.) | പൊതു ആവശ്യത്തിന്റെ സ്വഭാവം | ബാധിക്കപ്പെട്ട കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനുള്ള കാരണം | ഉടമസ്ഥർ |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| 1 | 595/2 | Wet | 0.0421 | സൗത്ത് സ്റ്റേഷൻ/ കോറിഡോർ നിർമ്മാണം | സൗത്ത് സ്റ്റേഷൻ/ കോറിഡോർ നിർമ്മാണം സംബന്ധിച്ച സ്ഥലമെടുപ്പ് | മഴുവന്നൂർ വില്ലേജ് താമരപ്പിള്ളിൽ മാടപ്പറമ്പിൽ (1) ഷീജ വർഗ്ഗീസ് (2) കുര്യച്ചൻ (3) ആലീസ് (4) വർഗ്ഗീസ് |
| 2 | 595/3 | Dry | 0.0456 | | | |
| 3 | 595/1 | Wet | 0.0012 | | | |
| 4 | 595/2 | Wet | 0.0036 | | | |
| 5 | 575/2 | Wet | 0.0019 | | | |
| 6 | 575/6 | Wet | 0.0104 | | | |
| | | ആകെ | 0.1048 | | | |

(ഒപ്പ്)

സ്പെഷ്യൽ തഹസിൽദാർ (എൽ. എ.) നമ്പർ 1,
കൊച്ചി മെട്രോ റെയിൽ പ്രോജക്ട്.

കാക്കനാട്.